# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

**പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## ചാലക്കുടി ബ്ലോക്ക്, തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 38/2018(75), ചൊവ്വാഴ്ച തീയ്യതി 18.09.2018

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**കഴിഞ്ഞ ആഴ്ച വെള്ളാനിക്കരയിൽ 0.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 32.0 മുതൽ 32.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.6 മുതൽ 23.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 87 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 52 മുതൽ 75 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.4മുതൽ 1.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.2 മുതൽ 10.4 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.5 മുതൽ 4.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 19.09.2018 | 20.09.2018 | 21.09.2018 | 22.09.2018 | 23.09.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 1 | 1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32.0 | 32.2 | 32.3 | 32.2 | 32.0 |
| കുറഞ്ഞ താപനില (°C) | 22.6 | 22.5 | 22.6 | 22.5 | 22.5 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 7 | 7 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |

ഇന്ത്യൻ കാലാവസ്ഥാവിഭാഗത്തിന്റെ പ്രവചനമനുസരിച്ച്തൃശ്ശൂർജില്ലയിൽആദ്യരണ്ടുദിവസങ്ങളിൽവളരെനേരിയതോതിലുള്ളമഴയ്ക്ക്സാധ്യതയും ,പിന്നീടുള്ളമൂന്നുദിവസങ്ങളിൽമഴയ്ക്ക്സാധ്യതകുറവുമാണ്.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിലെ ബാക്ടീരിയൽ ഇല കരിച്ചികരിലിന്മുൻകരുതലായി പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്.6ഗ്രാംസ്ട്രെപ്റ്റോസൈക്ലിൻ20ലിറ്റർവെള്ളത്തിൽഎന്നതോതിൽകലക്കിതളിച്ചാൽഈരോഗത്തിനെഒരുപരിധിവരെനിയന്ത്രിക്കാം |
| തെങ്ങ് | - | വെള്ളീച്ച | തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൽഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രശുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. |
| കുരുമുളക് | - | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയ്. രു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാംസ്യൂഡോമോണാസ് ഫ്ളൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക. |
| മൃഗസംരക്ഷണം | • എലിപ്പനിക്കും പരാദരോഗങ്ങൾക്കുമെതിരെ ജാഗ്രത പുലർത്തുക.<br>• ശരീരത്തിലുാകുന്ന മുറിവുകൾക്ക്അടിയന്തിര ശ്രദ്ധ നൽകുക.<br>• കന്നുകാലിഷെഡ്ഡും പരിസരവുംശുചിയായിസൂക്ഷിക്കുക.<br>**(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |